ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്

ഏറ്റെടുത്ത പണികൾ:

പദ്ധതി സംരക്ഷണം

1. ചാത്തന്നൂർ പഞ്ചായത്തിലെ കുറുങ്ങൽ പമ്പ് ഹൗസിന്റെ ലീഡിംഗ് ചാനൽ നിർമ്മാണം. അടങ്കൽ തുക—4,43,759 രൂപ. പണി പൂർത്തീകരിച്ചു.

2. ആദിച്ചനല്ലൂർ പഞ്ചായത്തിലെ ആദിച്ചനല്ലൂർ എൽ. ഐ. സ്റ്റേഷൻ പദ്ധതി. അടങ്കൽ തുക—57,612 രൂപ. പണി പൂർത്തീകരിച്ചു.

3. ചാത്തന്നൂർ പഞ്ചായത്തിലെ കുറുങ്ങൽ ഏലാ എൽ. ഐ. സ്റ്റേഷന്റെ വാർഷിക പദ്ധതി സംരക്ഷണം. അടങ്കൽ തുക—45,838 രൂപ. പണി പൂർത്തീകരിച്ചു.

4. ആദിച്ചനല്ലൂർ പഞ്ചായത്തിലെ കുണ്ടുമൺ ടാങ്കിന്റെ പുനരുദ്ധാരണം അടങ്കൽ തുക—3,60,000 രൂപ. പണി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമ്പത്തിക ലഭ്യതയ്ക്കും ബന്ധപ്പെട്ട അനുമതിക്കും വിധേയമായി ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പണികൾ

പദ്ധതി സംരക്ഷണം

1. നെടുമ്പന പഞ്ചായത്തിലെ പോങ്ങറക്കോണം ഏലായുടെ നടുത്തോട് സംരക്ഷണം.

2. നെടുമ്പന പഞ്ചായത്തിലെ കുളപാടം ഏലായുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ.

3. നെടുമ്പന പഞ്ചായത്തിലെ പഴവൂർക്കോണം ഏലായുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ (ഇത് നബാർഡിന്റെ സഹായത്തിന് സമർപ്പിക്കുന്ന പുതിയ പദ്ധതികളുടെ കൂട്ടത്തിൽപ്പെടുത്തിയിട്ടുണ്ട്).

തലശ്ശേരി, ന്യൂമാഹി പ്രദേശത്ത് കടൽഭിത്തി നിർമ്മാണം

86 [1804] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി, ന്യൂമാഹി പ്രദേശത്ത് കടൽ ഭിത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 20 മീറ്റർ നീളത്തിൽ പരിമഠത്ത് പുതിയ കടൽ ഭിത്തിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 55 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നു. കടൽഭിത്തി നിർമ്മാണം അത്യാവശ്യമായ മറ്റ് സ്ഥലങ്ങളിൽ അതിനാവശ്യമായ എസ്റ്റിമേറ്റ് തയാറാക്കിവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

കരിയാർ ഓരുമുട്ട് ബലപ്പെടുത്താൻ നടപടി

87 [1805] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ തകരാറുമൂലം കരിയാർ ഓരുമുട്ട് തകർന്ന് അപ്പർ കുട്ടനാടൻ പ്രദേശത്ത് പതിനായിരക്കണക്കിന് ഏക്കർ പാടശേഖരങ്ങളിലെ കൃഷി നശിക്കാൻ സാദ്ധ്യതയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത മുട്ട് പൂർണ്ണമായും തകരുന്നതിനുമുമ്പ് ബലപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത മുട്ടിന് പകരം കരിയാർ സ്പിൽവേ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കരിയാർ സ്പിൽവേ നിർമ്മിക്കുന്നതിനുവേണ്ടി 9.30 കോടി രൂപയുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly